## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *236** | **17.08.2017- ൽ മറുപടിക്ക്**

## ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എം. ആരിഫ്<br>,, വി. ജോയി<br>പ്രൊഫ.കെ.യു. അരുണൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ആവാസ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത തൊഴിലാളികളെ കണ്ടെത്താനും അവരെ അംഗമാക്കുന്നതിനും മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ ഇതര സംസ്ഥാന തൊഴിലാളികളുടെ ഇടയിൽ ബോധവൽക്കരണം നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) 2016-17 സാമ്പത്തിക വർഷം ഇതരസംസ്ഥാന തൊഴിലാളികളുടെ മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണത്തിനുമായി 50,00,000/-രൂപ അനുവദിക്കുകയും സംസ്ഥാനത്ത് 72 മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണത്തിനുമായി 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുള്ള 50 ലക്ഷം രൂപയിൽ 15 ലക്ഷം രൂപ ബോധവൽക്കരണ പരിപാടികൾക്കായി മാറ്റിവച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ